A23- 11774/20 -12-2021

All Regional Offices/Depots/Outlets

സർ,

വിഷയം: പ്രതിമാസ ലാഭനഷ്ട വിവരങ്ങൾ സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന: ബഹു: MD യുടെ നിർദ്ദേശം

സപ്ലൈകോ ഔട്ട്ലെറ്റുകളുടെ പ്രതിമാസ ലാഭനഷ്ടക്കണക്കുകൾ സമർപ്പിക്കുവാൻ ബഹു : MD നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിലേക്കായി Google Spreadsheet തയാറാക്കിയിട്ടുണ്ട്. മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, പീപ്പിൾസ് ബസാറുകൾ, ഹൈപ്പർ മാർക്കറ്റുകൾ, അപ്ന ബസാറുകൾ തുടങ്ങിയ ഔട്ട്ലെറ്റുകൾ അവരവരുടെ വിൽപ്പനയുമായി ബന്ധപ്പെട്ട വിവരങ്ങൾ ടി. Spreadsheet ലെ അതാത് കോളങ്ങളിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. Google Spreadsheet പ്രവർത്തിക്കുന്നതിന് G Mail ID ആവശ്യമായതിനാൽ നിലവിൽ എല്ലാ റീജിയണൽ ഓഫീസുകളുടെയും ഡിപ്പോകളുടെയും G Mail ലേക്ക് Spreadsheet അയച്ചിട്ടുണ്ട്.
2. ഓരോ ഡിപ്പോകളും അവരവരുടെ കീഴിലുള്ള ഔട്ട്ലെറ്റുകൾ G Mail ID Create ചെയ്ത് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
3. ഔട്ട്ലെറ്റുകൾക്ക് വേണ്ടി ഡിപ്പോകൾ നേരിട്ട് വഹിക്കുന്ന ഔട്ട്ലെറ്റുകളുടെ ചെലവുകൾ (Rent, Salary etc.) ഡിപ്പോകൾ തന്നെ രേഖപ്പെടുത്തേണ്ടതാണ്.
4. ഔട്ട്ലെറ്റുകളുടെ ലാഭനഷ്ട വിവരങ്ങൾ 10-ാം തീയതിക്ക് മുമ്പ് സംക്ഷിപ്തരൂപത്തിൽ MD ക്ക് സമർപ്പിക്കേണ്ടതിനാൽ അതാത് മാസത്തെ വിവരങ്ങൾ തുടർമാസം 7-ാം തീയതിക്കകം തന്നെ Spreadsheet ൽ രേഖപ്പെടുത്തേണ്ടതാണ്.
5. ഔട്ട്ലെറ്റുകൾ സമയബന്ധിതമായും കൃത്യമായും വിവരങ്ങൾ രേഖപ്പെടുത്തി എന്നത് അതാത് ഡിപ്പോ മാനേജർമാരും റീജിയണൽ മാനേജർമാരും ഉറപ്പ് വരുത്തേണ്ടതും ആയത് അനുവദിച്ചിരിക്കുന്ന കോളത്തിൽ (Yes/No) രേഖപ്പെടുത്തേണ്ടതുമാണ്.
6. എല്ലാ മാസവും 30/31 തീയതിയിൽ G Mail ൽ Updated Spreadsheet ലഭ്യമാകുന്നതാണ്
7. പെട്രോൾ, LPG, മെഡിസിൻ തുടങ്ങിയ ഔട്ട്ലെറ്റുകളുടെ വില്പന വിവരങ്ങൾ അതത് സെക്ഷനുകളിൽ തന്നെ ശേഖരിക്കുന്നതിനാൽ ടി. ഔട്ട്ലെറ്റുകൾ Spreadsheet ൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഒപ്പ്)

അഡീഷണൽ ജനറൽ മാനേജർ (ഫിനാൻസ്)